ഉത്തരം

(എ) അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) ഈ നിയമം പ്രാവർത്തികമാക്കുന്നതിനാവശ്യമായ റൂൾസ് ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

ചെങ്ങന്നൂരിൽ ട്രെയിനിറങ്ങുന്നവരുടെ സൗകര്യാർത്ഥം ബസ് സർവ്വീസ്

1191. [1798] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യം ഗതാഗത വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

ചെങ്ങന്നൂരിൽനിന്നും വിവിധ സ്ഥലങ്ങളിലേക്ക് ഓപ്പറേറ്റ് ചെയ്യുന്ന മിക്ക സ്വകാര്യ ബസുകളും റെയിൽവേ സ്റ്റേഷനു തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ കയറാത്തതുമൂലം യാത്രക്കാർ വളരെ ബുദ്ധിമുട്ടുകയും അനുവേക്കുന്ന സ്ഥിതി കണക്കിലെടുത്ത് എല്ലാ പ്രൈവറ്റ് സർവ്വീസ് ബസുകളും മുൻസിപ്പൽ ബസ് സ്റ്റാൻഡുവഴി ഓടിക്കണം എന്ന നിർദ്ദേശം നൽകുമോ ?

ഉത്തരം

ചെങ്ങന്നൂരിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്ക് ഓപ്പറേറ്റു ചെയ്യുന്ന എല്ലാ പ്രൈവറ്റ് ബസ്സുകളും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന് സമീപമുള്ള മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ പ്രവേശിച്ച് സർവ്വീസ് നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുവാനായി ചെങ്ങന്നൂർ മോട്ടോർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് വേണ്ട നിർദ്ദേശം ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിട്ടുണ്ട്.

തിരുവനന്തപുരം വാട്ടർ വർക്സിലെ സി. എൽ. ആർ. ജീവനക്കാർ

1192. [1799] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വാട്ടർ വർക്സിൽ 1981 ജൂലായ് മാസത്തിൽ സി. എൽ. ആർ. ജീവനക്കാരായി നിയമനം ലഭിച്ചവരെ ഇതുവരെയും സ്ഥിര പ്പെടുത്താത്തതിന്റെ കാരണമെന്ത് ;

(ബി) തുച്ഛമായ ശമ്പളം വാങ്ങുന്ന ഈ ജീവനക്കാരെ റഗുലർ സർവ്വീസിലാക്കാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ ?

ഉത്തരം

(എ, ബി) പ്രശ്നം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly